(ബി) 1996 ജൂൺ, 1999 മേയ് എന്നീ കാലയളവിലെ പൊതുകമ്പോള വില താരതമ്യം ചെയ്ത പട്ടിക അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള റേഷൻ വിലയേക്കാൾ 1 രൂപ കുറച്ച് ആഴ്ചയിൽ 4 കിലോഗ്രാം വീതം റേഷൻ അരി സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും വിതരണം ചെയ്തുവരുന്നു.

2. കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള 25% കുടുംബങ്ങളെയും സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 17% കുടുംബങ്ങളെയും ഉൾപ്പെടുത്തി 42% കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ട് കിലോയ്ക്ക് 3 രൂപ 90 പൈസാ നിരക്കിൽ പ്രതിമാസം 10 കിലോഗ്രാം വീതം അരി വിതരണം ചെയ്തുവരുന്നു.

3. നിത്യോപയോഗ സാധനങ്ങളിൽ പലവ്യഞ്ജനം തുടങ്ങിയ അവശ്യ സാധനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകളിലൂടെ കമ്പോള വിലയേക്കാൾ 25% മുതൽ 50% വരെ വിലകുറച്ച് വിതരണം ചെയ്തുവരുന്നു.

4. സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുകയും ചെയ്യുന്നു.

5. സാധാരണ റേഷനു പുറമേ ഉത്സവകാലങ്ങളിൽ സ്പെഷ്യൽ അരിയും പഞ്ചസാരയും വിതരണം ചെയ്യുന്നു.

6. ഉത്സവകാലങ്ങളിൽ കമ്പോളവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മെട്രോ ഫെയർ, ഓണം ഫെയർ, ഓണച്ചന്തകൾ എന്നിവ വഴി സിവിൽ സപ്ലൈസ്, കോർപ്പറേഷൻ നേരിട്ടും സഹകരണസംഘങ്ങൾ, നീതിസ്റ്റോർ എന്നിവ മുഖേനയും കുറഞ്ഞവിലയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്കൂൾകുട്ടികൾക്ക് 5 കിലോഗ്രാം അരിവീതം ഓണം, റംസാൻ, ക്രിസ്തുമസ് കാലങ്ങളിൽ സൗജന്യമായി വിതരണം നടത്തുന്നു.

7. വില നിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, ഭക്ഷ്യ-വിനോദസഞ്ചാര മന്ത്രിയും, ധനമന്ത്രിയും അംഗങ്ങളും ആയുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചും വില നിലവാരം യഥാസമയം അവലോകനം ചെയ്തുവരുന്നു. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ മിന്നൽ പരിശോധന നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**99 (99) അവശ്യ സാധനങ്ങളുടെ വില നിയന്ത്രണം**

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :
<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> :

---

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ന്യായ വിലയ്ക്ക് ഭക്ഷ്യ-സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ-സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് ഏതെല്ലാം സാധനങ്ങളാണ് സബ്സിഡി നൽകി വിതരണം ചെയ്യുന്നതെന്നും അതിനായി എന്ത് സാമ്പത്തിക ബാദ്ധ്യത സർക്കാർ ഓരോ മാസവും വഹിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില (കി.ഗ്രാമിന്) 1996 ഏപ്രിൽ മാസത്തിൽ എത്ര വീതമായിരുന്നുവെന്നും ഇപ്പോഴത്തെ വില എത്രയാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) അവശ്യ സാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിന് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുതകുന്ന വിപുലവും കാര്യക്ഷമവുമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 19.8.96 മുതൽ സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾക്കും ആഴ്ചയിൽ 4 കി.ഗ്രാം അരി എന്ന നിരക്കിൽ നിലവിലുള്ള റേഷൻവിലയേക്കാൾ ഒരു രൂപ കുറച്ച് വിതരണം ചെയ്തുവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായ പ്രകാരം 42% കാർഡുടമകൾക്ക് കിലോഗ്രാമിന് 3 രൂപ 90 പൈസ നിരക്കിൽ പ്രതിമാസം 10 കിലോഗ്രാം അരി വിതരണം ചെയ്തുവരുന്നു. ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാനും ജനങ്ങൾക്ക് അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാനുംവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഓണം ഫെയർ, ഓണച്ചന്തകൾ, സംസ്ഥാനത്തുടനീളമുള്ള സഹകരണ സ്ഥാപനങ്ങൾ, മാവേലി സ്റ്റോറുകൾ എന്നിവ മുഖേനയുള്ള ഓണച്ചന്തകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഈ ചന്തകൾ വഴി പലവ്യഞ്ജനങ്ങളും പച്ചക്കറികളും ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുവിപണിയിലേതിനെക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തിവരുന്നുണ്ട്. ഇതിനു പുറമേ തെരഞ്ഞെടുക്കപ്പെട്ട 2000-ൽപ്പരം റേഷൻകടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും നിയന്ത്രിത വിലയ്ക്ക് വിൽപ്പന നടത്തിവരുന്നു. പാകംചെയ്ത ഭക്ഷ്യസാധനങ്ങൾ അന്നപൂർണ്ണാ ഹോട്ടലുകളിലൂടെ സർക്കാർ നിശ്ചയിച്ച വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഈ നടപടികൾ പൊതു കമ്പോളത്തിലെ വില പിടിച്ചുനിറുത്തുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകമായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും ആഴ്ചയിൽ 4 കിലോഗ്രാം അരി കിലോയ്ക്ക് ഒരു രൂപ സബ്സിഡി നൽകി വിതരണം ചെയ്തുവരുന്നു. കൂടാതെ ലക്ഷ്യാധിഷ്ഠിത പദ്ധതിയിൻ കീഴിൽ കേന്ദ്രം കണ്ടെത്തിയ 25.43% കുടുംബങ്ങൾക്ക് പുറമെ സംസ്ഥാന സർക്കാർ 17% കുടുംബങ്ങൾക്കുകൂടി ഈ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. ഈ രണ്ട് പദ്ധതികൾക്കുമായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന് 97.5 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

**100 (100) റേഷനരിയുടെ വില വർദ്ധനവ്**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ വില എന്തായിരുന്നു;

(ബി) റേഷനരിയുടെ വില എന്തായിരുന്നു;

(സി) 1999 മേയ് മാസത്തിൽ പൊതുവിപണിയിലെ അരി വില എന്തായിരുന്നു;

(ഡി) റേഷൻ അരിയുടെ വില എന്തായിരുന്നു;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചു;

(എഫ്)ഓരോ തവണയും വിലയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ സംസ്ഥാന ശരാശരി വില നാടൻ അരി കിലോയ്ക്ക് 10.27 രൂപയും വെള്ള അരിക്ക് 9.84 രൂപയും ആയിരുന്നു.

(ബി) 1996 മേയ് മാസത്തിൽ റേഷനരിയുടെ വില താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| കോമൺ അരി | - | 5.70 രൂപ മുതൽ 5.75 വരെ |
| ഫൈൻ | - | 6.51 രൂപ മുതൽ 6.96 വരെ |
| സൂപ്പർ ഫൈൻ | - | 6.33 രൂപ മുതൽ 6.38 വരെ |

(സി) 1999 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ ശരാശരി വില നാടൻ അരി കിലോഗ്രാമിന് 13.11 രൂപയും വെള്ള അരിയ്ക്ക് 13.27 രൂപയും ആയിരുന്നു.

(ഡി) 1999 മേയ് മാസത്തിൽ റേഷനരിയുടെ വില താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു.

| | കി. ഗ്രാമിന് | |
|---|---|---|
| കോമൺ അരി | - | 3.90 രൂപ |
| (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്) | | |
| 'എ' ഗ്രേഡ് അരി | - | 8.60 രൂപ |
| (സംസ്ഥാന സർക്കാർ സബ്സിഡി) | | |
| നോർമൽ അരി | - | 9.60 രൂപ |
| ('എ' ഗ്രേഡ് അരി) | | |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly